No. RCS/782/2020-CB(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ. ജംഗ്ഷൻ, തിരുവനന്തപുരം-695 014
Website: cooperation.kerala.gov.in,
E-mail: keralarcs.coop@kerala.gov.in
Tel: 0471-2330726, 2331891

തീയതി : **25/06/2020**

## സർക്കുലർ നം. 55/2020

വിഷയം: സഹകരണ വകുപ്പ്- കേരളാ സംസ്ഥാന സഹകരണ ബാങ്ക് അംഗ സംഘങ്ങളിൽ വകുപ്പ് 66 പ്രകാരം പരിശോധന നടത്തുന്നത്- സംബന്ധിച്ച്

സൂചന:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 29.11.2019 ലെ CB5/784/2019 നം ഉത്തരവ്.
2. സംസ്ഥാന സഹകരണ ബാങ്ക് ചീഫ് ജനറൽ മാനേജരുടെ 23.03.2020 ലെ KSCB/IVT/Letter /RCS/3232/2019-20 നം കത്ത്

സംസ്ഥാനത്തെ 13 ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് സൂചന 1 പ്രകാരം കേരളാ സംസ്ഥാന സഹകരണ ബാങ്ക് രൂപീകരിച്ച് ഉത്തരവായിരുന്നു. കേരളാ സംസ്ഥാന സഹകരണ ബാങ്ക് രൂപീകരിച്ച് ഉത്തരവായ സാഹചര്യത്തിൽ ബാങ്കിന്റെ അംഗസംഘങ്ങളിൽ സഹകരണ നിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തുന്നത് സംബന്ധിച്ച് സംഘങ്ങൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിന് സൂചന 2 പ്രകാരം സംസ്ഥാന സഹകരണ ബാങ്ക് ചീഫ് ജനറൽ മാനേജർ അപേക്ഷിക്കുകയുണ്ടായി.

സഹകരണ ചട്ടം 66(7) സംസ്ഥാന സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സ്ഥാപനങ്ങളിൽ പരിശോധന നടത്താൻ ബാങ്ക് ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

അപ്പെക്സ് സഹകരണ ബാങ്ക് എന്ന നിലയിലോ, ഫിനാൻസിംഗ് ബാങ്ക് എന്ന നിലയിലോ സംസ്ഥാന സഹകരണ ബാങ്കിൽ അഫിലിയേഷൻ നൽകിയിട്ടുള്ള (നോമിനൽ/അസ്സോസിയേറ്റ്അംഗങ്ങൾ ഉൾപ്പെടെയുള്ള) എല്ലാ സഹകരണ സംഘങ്ങളിലും സഹകരണ നിയമം വകുപ്പ് 66(8), 66(9), 66(10) എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വകുപ്പ് 66(7) പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കിന് പരിശോധന നടത്താവുന്നതാണ്.

മേൽ പ്രകാരം അംഗ സംഘങ്ങളിൽ പരിശോധന നടത്തുന്നതിനായി കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ സൌകര്യങ്ങൾ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ ചെയ്തു നൽകേണ്ടതാണ്.

ഒപ്പ്/-
ഡോ. നരസിംഹഗരി റ്റി.എൽ റെഡ്ഡി. ഐ.എ.എസ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :-

1. സെക്രട്ടറി, കേരള നിയമസഭ(ഉപരിപത്രം സഹിതം)
2. രജിസ്ട്രാർ, കേരള ഹൈക്കോടതി(ഉപരിപത്രം സഹിതം)
3. സെക്രട്ടറി, സഹകരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. സഹകരണ ആഡിറ്റ് ഡയറക്ടർ, ജവഹർ സഹകരണ ഭവൻ, തിരുവനന്തപുരം.
5. ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
6. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
7. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ ആഫീസുകൾക്കും
8. സെക്രട്ടറി, പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾക്ക് (ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖേന),
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
10. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
11. എഡിറ്റർ, സഹകരണവീഥി
12. വെബ്.സൈറ്റ്/ സ്റ്റോക്ക് ഫയൽ/ സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി.)